## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളത്തും കൊട്ടാരക്കരയിലും വിഴിഞ്ഞത്തുമുള്ള വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം കഴിച്ചതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് ഭക്ഷ്യ വിഷബാധ ഉണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഏറെ ഗൗരവത്തോടെ കാണുന്നു. അങ്കണവാടി കുട്ടികൾക്കാണ് കൊട്ടാരക്കരയിൽ ഭക്ഷ്യവിഷബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ തുടർനടപടി സ്വീകരിക്കേണ്ടത് വനിതാ ശിശുവികസന വകുപ്പാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ ഉച്ചക്കട എൽ.എം.എസ് എൽ.പി. എസ്, ആലപ്പുഴ ജില്ലയിലെ കായംകുളം ടൗൺ യു.പി.എസ് എന്നിവിടങ്ങളിൽ യഥാക്രമം ജൂൺ 2,3 തീയതികളിൽ ഉച്ചഭക്ഷണം കഴിച്ച ചില കുട്ടികൾക്ക് ഭക്ഷ്യവിഷബാധ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആരോഗ്യ, ഭക്ഷ്യ സുരക്ഷാ വകുപ്പുകളുടെ സഹകരണത്തോടെ വിശദമായ അന്വേഷണം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി രണ്ട് സ്കൂളുകളിൽ നിന്നും ഭക്ഷ്യ വസ്തുക്കളുടേയും കുടിവെള്ളത്തി ന്റെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ കീഴിലുള്ള സർക്കാർ അനലിറ്റിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ പൂർത്തീകരിക്കുന്നതു വരെ ടി സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ടി പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് ലഭിച്ചതും വിനിയോഗിക്കാ ത്തതുമായ അരി മുഴുവനായും ബന്ധപ്പെട്ട സപ്ലൈകോ മാവേലിസ്റ്റോറുകളിലേയ്ക്ക് തിരികെ നൽകുകയും പകരം പുതിയ അരി ലഭ്യമാക്കുകയും ചെയ്തു. ഭക്ഷണം പാചകം ചെയ്യുന്നതിന്റെ ആവശ്യത്തിലേ യ്ക്കായി സ്കൂളുകളിൽ സൂക്ഷിച്ചിരുന്ന പലവ്യഞ്ജനങ്ങൾ അടക്കമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും നീക്കം ചെയ്തു. കുടിവെള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ |

| | | | |
|---|---|---|---|
| | | | **സ്കൂളുകളിലെ മുഖ്യ ജല സ്രോതസ്സായ കിണർ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്** **ചെയ്തിരുന്നു. ടി പദ്ധതി നടത്തിപ്പിനായി** |
| (ബി) | വിദ്യാർത്ഥികൾക്ക് പാകം ചെയ്തു നൽകേണ്ട ഭക്ഷണ സാധനങ്ങൾ സ്കൂളുകൾ തുറക്കുന്നതിനു മുൻപ് തന്നെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി കേന്ദ്രം അനുവദിക്കുന്ന അരി എഫ്.സി.ഐ, സപ്ലൈകോ എന്നിവയുടെ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് സ്കൂളുകൾക്ക് നിലവിൽ വിതരണം ചെയ്തു വരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി സ്കൂളുകളിൽ വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജ നങ്ങൾ , ഭക്ഷ്യ എണ്ണ മുതലായ ടി ഭക്ഷ്യ സാധനങ്ങളുടെ (അരി ഒഴികെ) ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിക ൾക്കാണ്. ഗുണമേന്മ ഉറപ്പുവരുത്തു ന്നതിനായി , ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് (സപ്ലൈകോ, കൺസ്യൂമർ ഫെഡ് , ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും അവ ഇല്ലാത്തിടങ്ങളിൽ മിൽമയിൽ നിന്നും പാൽ വാങ്ങണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | വിദ്യാലയങ്ങളിൽ ഭക്ഷ്യ വിഷബാധ ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ചില സ്കൂളുകളിൽ ഭക്ഷ്യ വിഷബാധ ഉണ്ടായ സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ , ഭക്ഷ്യ സുരക്ഷ , ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ ആവശ്യമായ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുന്നതിനും, ജലവിഭവ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും കുടിവെള്ള പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ